പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 853

03/12/2014-ൽ മറുപടിയ്ക്ക്

**ശബരിമല തീർത്ഥാടനത്തിന് അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ്. | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |

| | | | |
|---|---|---|---|
| എ) | ശബരിമല തീർത്ഥാടനത്തിന് ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ സർക്കാർ തികഞ്ഞ അലംഭാവം കാണിക്കുന്നു എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ചില മാദ്ധ്യമങ്ങളിൽ വാർത്തകൾ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി വാർത്തകൾ തികച്ചും അടിസ്ഥാനരഹിതമാണ്. ഈ ശബരിമല സീസന്റെ മുന്നോടിയായി ചെയ്തു തീർക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ പ്രവർത്തനങ്ങളുടെ പുരോഗതി ചർച്ച ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും ശബരിമല സീസണനുമായുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട വകുപ്പുകളുടെ തലവൻമാർ, കളക്ടർമാർ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സർക്കാർ നിരവധി അവലോകന യോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ശബരിമല തീർത്ഥാടനത്തിന് മുന്നോടിയായുള്ള ക്രമീകരണങ്ങൾ നടത്തുകയും തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഈ മണ്ഡലകാലത്ത് എന്തെല്ലാം സൗകര്യങ്ങളാണ് ഭക്തർക്ക് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | 2014-15 മണ്ഡല മകര വിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ ഡോണർ ഹൗസുകൾ എന്നിവ മുൻവർഷങ്ങളിലേതുപോലെ ഈ തീർത്ഥാടന കാലത്തും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതും തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ക്ഷേത്ര സമുച്ചയങ്ങളും മറ്റനുബന്ധ കെട്ടിടങ്ങളും വാർഷിക അറ്റകുറ്റപ്പണികളും പ്രസാദ നിർമ്മാണ വിതരണം കുറ്റമറ്റ രീതിയിൽ പ്രാവർത്തിപ്പിക്കുന്നതിനുവേണ്ട മെഷിനറികളുടെ അറ്റകുറ്റ ജോലികളും പ്രസാദ നിർമ്മാണം ത്വരിതപ്പെടുത്തുന്ന |

സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വൃദ്ധർക്കും കുട്ടികൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ആയാസരഹിതമായി ദർശനം നടത്തുന്നതിനുള്ള സംവിധാനവും സന്നിധാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | കുടിവെള്ളത്തിനും ഭക്ഷണം ലഭിക്കുന്നതിനും സാനിറ്റേഷനുമുള്ള സൗകര്യമുൾപ്പെടെ സജ്ജമാക്കിയിട്ടുണ്ടോ; | സി) | പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഔഷധക്കൂട്ടുകൾ ഇട്ട് തിളപ്പിച്ച കുടിവെള്ളമുൾപ്പെടെയുള്ള ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തുകയും ജലദൗർലഭ്യം ഉണ്ടാകാതിരി ക്കാനുള്ള ലക്ഷ്യം വച്ച് നിലവിലുള്ള ജലസംഭരണികൾക്ക് പുറമേ ശബരിമലയിൽ 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള രണ്ട് പുതിയ ജലസംഭരണി കഴിഞ്ഞ വർഷം തന്നെ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ കേരള ജല അതോറിറ്റിയുടെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൻെറയും സഹകരണത്തോടുകൂടി ശുദ്ധജലം ശബരിമലയിലും പമ്പയിലും ലഭ്യമാക്കുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ ശബരിമലയുടെ തൊട്ടടുത്തുള്ള പ്രധാന ഇടത്താവളമായ നിലയ്ക്കലിൽ മുൻ വർഷങ്ങളിലേതുപൊലെ ടാങ്കർ ലോറികളിൽ ശുദ്ധജല വിതരണം നടത്തുന്നതിനായി ജല അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 10 ലക്ഷം ലിറ്റർ സംഭരശേഷിയുള്ള വാട്ടർ ടാങ്ക് സ്ഥാപിച്ച് ജലം ശുദ്ധീകരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വർദ്ധിച്ചുവരുന്ന ജല ഉപഭോഗം കണക്കിലെടുത്ത് നിലയ്ക്കലിൽ രണ്ടിലധികം കുഴൽക്കിണറുകൾ സ്ഥാപിച്ച് പ്രവർത്തന യോഗ്യമാക്കി. 20 ലക്ഷത്തോളം രൂപാ കേരള ജല അതോറിറ്റിക്ക് കൈമാറിക്കൊണ്ട് സ്വാമി അയ്യപ്പൻ റോഡിൽ ജലവിതരണ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം മെച്ചമെടുത്തി. |
| ഡി) | ഈ മണ്ഡലകാലത്ത് ജയിൽ ചപ്പാത്തി ഉൾപ്പെടെ ജയിലിൽ തയ്യാറാക്കുന്ന ഭക്ഷണം വിൽക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ